പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2190 — 12.02.2013 ൽ മറുപടിക്ക്

# നെടുമ്പാശ്ശേരി രാജ്യാന്തര വിമാനത്താവളംവഴി അനധികൃത മനുഷ്യക്കടത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) നെടുമ്പാശ്ശേരി രാജ്യാന്തര വിമാനത്താവളംവഴി വിദേശങ്ങളിലേയ്ക്ക് അനധികൃത മനുഷ്യക്കടത്ത് നടത്തിയ കേസിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എത്രപേരെ സർക്കാർ അറസ്റ്റ് ചെയ്തു; അതിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ അറസ്റ്റിലായെന്നും അവർ ആരെല്ലാമെന്നും പേരും, വഹിക്കുന്ന പദവിയുമുൾപ്പെടെ വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>അന്വേഷണവുമായി ബന്ധപ്പെട്ട് 3 കേസുകളിൽ 5 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നാളിതുവരെയുള്ള അന്വേഷണത്തിൽ കേസുകളിൽ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള രണ്ട് പോലീസുകാർക്കെതിരെയും അന്വേഷണം നടന്നുവരുന്നു. |
| (ബി) നെടുമ്പാശ്ശേരി വിമാനത്താവളം വഴിയുള്ള മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ടെന്നാണ് സർക്കാർ കണക്കാക്കുന്നത്; ഇതിൽ ഉൾപ്പെട്ട മുഴുവൻ പോലീസ് ഉദ്യോഗസ്ഥരെയും അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | |
| (സി) സ്ത്രീകളോട് മോശമായി പെരുമാറുകയും സേനയക്ക് കളങ്കമുണ്ടാക്കുകയും ചെയ്തതടക്കം എത്ര പോലീസ് ഉദ്യോഗസ്ഥരെ സേനയിൽ നിന്നും പിരിച്ചുവിടാൻ നടപടി തുടങ്ങി; അവർ ആരെല്ലാമെന്നും വഹിക്കുന്ന പദവിയുമുൾപ്പെടെ വ്യക്തമാക്കുമോ; | (സി) യും (ഡി) യും<br>പോലീസ് സേനയിലെ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി സംസ്ഥാനത്തെ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലുമാർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. 23 പോലീസുദ്യോഗസ്ഥർക്കെതിരെ കേരളാ പോലീസ് ആക്ട് 2011 ലെ 86 (3) വകുപ്പ് പ്രകാരം നടപടികൾ സ്വീകരി |
| (ഡി) മദ്യപിച്ച് ക്രിമിനൽ കേസിൽ ഉൾപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥരെ ലഹരി ചികിത്സാ കേന്ദ്രത്തിലേയ്ക്ക് | |

| | | | |
|---|---|---|---|
| | അയയ്ക്കുവാൻ സർക്കാർ തീരുമാനിച്ചു; ഇതിന്റെ ചെലവ് സർക്കാരാണോ വഹിക്കുന്നത്; വ്യക്തമാക്കുമോ; | | ക്കാൻ മേൽപ്പറഞ്ഞ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ മദ്യപിച്ച് ക്രിമിനൽ കേസിൽ ഉൾപ്പെട്ട 24 പോലീസുദ്യോഗസ്ഥരെ ലഹരി വിമുക്ത ചികിത്സാകേന്ദ്രത്തിൽ അയക്കുവാൻ പ്രസ്തുത സമിതി ശുപാർശ ചെയ്തിട്ടുണ്ട്. സാധാരണഗതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെയാണ് ചെലവ് വഹിക്കേണ്ടത്. |
| (ഇ) | 2012 ജനുവരി മുതൽ ഡിസംബർ 31 വരെ എത്ര പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസിൽ പ്രതികളായി; വഹിക്കുന്ന പദവിയുൾപ്പെടെ എത്രയെണ്ണമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | (ഇ) | 252 പേർ. വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ കൈക്കൂലി വാങ്ങുന്നതിനിടെ പിടിയിലായ എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചു; പദവി ഉൾപ്പെടെ എത്രയെണ്ണമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | (എഫ്) | 6 പേർ. വിശദവിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (ജി) | ഇപ്പോൾ സംസ്ഥാനത്തെ ജയിലുകളിൽ വിവിധ കേസുകളിലായി എത്ര പോലീസ് ഉദ്യോഗസ്ഥർ ശിക്ഷ അനുഭവിക്കുന്നു; അവർ ആരെല്ലാമെന്നും നേരത്തെ അവർ വഹിച്ചിരുന്ന പദവി എന്താണെന്നും വ്യക്തമാക്കുമോ? | (ജി) | സംസ്ഥാനത്തെ ജയിലുകളിൽ വിവിധ കേസുകളിലായി ശിക്ഷ അനുഭവിച്ചു വരുന്ന 5 പോലീസുദ്യോഗസ്ഥരുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു. |

ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ